# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4009** **25.06.2018-ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എസ്.സി./എസ്.ടി. ചികിത്സാ ധനസഹായം**

| | ചോദ്യം: | | മറുപടി: |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡല ത്തിലെ എസ്.സി/എസ്.ടി ചികിത്സാ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് കടുത്തുരുത്തി, ഉഴവൂർ ബ്ലോക്ക് ഓഫീസുകളിൽ എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നു എന്നറിയിക്കാമോ; ആയത് എത്രയും വേഗം പരിശോധിച്ച് തീരുമാനമെടുത്ത് ബന്ധപ്പെട്ട രോഗികൾക്ക് ധന സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കടുത്തുരുത്തി, ഉഴവൂർ ബ്ലോക്ക് ഓഫീസുകളിൽ പട്ടികജാതിക്കാരുടെ ന്യൂനതയുള്ള 9 അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നു. പ്രസ്തുത അപേക്ഷ യിലുള്ള ന്യൂനതകൾ പരിഹരിച്ച് ഗുണഭോക്താ ക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ പെന്റിംഗ് അപേക്ഷകൾ ഇല്ല. |
| (ബി) | കടുത്തുരുത്തി നിയോജക മണ്ഡല ത്തിലെ എത്ര ചികിത്സാധനസഹായ അപേക്ഷകൾ വകുപ്പ മന്ത്രിയുടെ ഓഫീസിലും എസ്.സി/എസ്.ടി വകുപ്പിലും തീരുമാനമാകാതെ കിടക്കുന്നു എന്നറിയിക്കാമോ; പാസ്സാക്കിയ അപേക്ഷ കളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകു ന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാ വശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഓഫീസിലും പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിലുമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ 8 അപേക്ഷകൾ തീർപ്പാകാ തെയുണ്ട്. പാസ്സാക്കിയ അപേക്ഷകളെക്കുറിച്ച് ഗുണഭോക്താ ക്കൾക്ക് വിവരം നൽകി തുക അടിയന്തിര മായിത്തന്നെ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നുണ്ട്.<br>കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ച എല്ലാ അപേക്ഷകളിലും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ടി വിവരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേനയും അപേക്ഷകരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ചികിത്സാ ധനസഹായ അപേക്ഷകളിൽ തുക ഡോക്ടർ എഴുതണമെന്നും, ഐ.പി.നമ്പർ വേണമെന്നുമുള്ള വ്യവസ്ഥ പാവപ്പെട്ട രോഗികളെ ഏറെ ബുദ്ധിമുട്ടി ക്കുന്നതായുമുള്ള പരാതിക്ക് പരിഹാരം കാണുമോ; പി.എച്ച്.സി.കളിൽ ചികിത്സയിൽ കഴിയുന്നവർക്ക് ഇക്കാര്യത്തിൽ അനുഭവിക്കുന്ന ദുരിതത്തിന് അറുതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ചികിത്സാ ധനസഹായം അനുവദിക്കുന്ന തിലേക്ക് രോഗം, ചികിത്സാചെലവ് എന്നിവ രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പി ക്കേണ്ടതാണ്. എന്നാൽ ചികിത്സാ ധനസഹായ അപേക്ഷ കളിൽ തുക ഡോക്ടർ എഴുതണമെന്നും ഐ.പി.നമ്പർ വേണമെന്നുമുള്ള വ്യവസ്ഥ ഏർപ്പെടുത്തിയിട്ടില്ല.<br><br>എന്നാൽ ചികിത്സയ്ക്ക് ചിലവായ തുക രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഉള്ളപക്ഷം അപേക്ഷകന് കൃത്യമായി സഹായം അനുവദിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**